Qn.7

'കടൽത്തീരത്ത്' എന്ന കഥയ്ക്ക് ആസ്വാദനം തയാറാക്കുക.

* കഥാപാത്ര സൃഷ്ടിയിലെ സവിശേഷതകൾ
* രചനാതന്ത്രം
* പാരിസ്ഥിതിക പശ്ചാത്തലം
* ആഖ്യാനശൈലി
* സാമൂഹിക പശ്ചാത്തലം

മലയാള കഥാസാഹിത്യത്തിന് നവീനമുഖം നൽകിയ എഴുത്തുകാരിൽ പ്രമുഖനാണ് ഒ.വി. വിജയൻ. അദ്ദേഹത്തിന്റെ 'കടൽത്തീരത്ത്' എന്ന കഥ സവിശേഷമായ ശ്രദ്ധ അർഹിക്കുന്ന ഒന്നാണ്. കുറ്റം എന്ത് എന്നുപോലും തിരിച്ചറിയപ്പെടാതെ വധശിക്ഷയ്ക്കു വിധേയനാക്കപ്പെടുന്ന ഒരു ചെറുപ്പക്കാരന്റെയും അവന്റെ പിതാവിന്റെയും അവരെ സ്നേഹിക്കുന്ന ഒരു സാധാരണ ഗ്രാമത്തിന്റെയും കഥ.

പാഴുതറ എന്ന ഗ്രാമത്തിലെ വെള്ളായിയപ്പന്റെ മകൻ കണ്ടുണ്ണി തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ട് കണ്ണൂർ ജയിലിലാണ്. തൂക്കിക്കൊല്ലാനുള്ള ദിവസം അടുത്തിരിക്കുന്നു. പിതാവിനുള്ള അറിയിപ്പ് കിട്ടിയിട്ടുണ്ട്. കണ്ണൂര് പോകാനായി വെള്ളായിയപ്പൻ പുറപ്പെട്ടു. കുടുംബത്തിൽ കൂട്ടനിലവിളി ഉയർന്നു. ചുറ്റുപാടുമുള്ള വീടുകളിലെ ആളുകളെല്ലാം ദുഃഖിക്കുന്നു. വാസ്തവത്തിൽ അവരെല്ലാവരും അയാളെ അനുഗമിക്കുമായിരുന്നു. പക്ഷേ തീവണ്ടിക്കൂലിക്കുള്ള പണമില്ല. വെള്ളായിയപ്പൻ പോകുന്നത് പാഴുതറ ഗ്രാമത്തിനാകെ വേണ്ടിയാണ്.

വെള്ളായിയപ്പൻ എന്ന സാധു നിരക്ഷരൻ വളരെദൂരം നടന്ന് റയിൽവേ സ്റ്റേഷനിലെത്തി. വഴിയും പുഴയുമൊക്കെ അയാളിൽ ദുഃഖം വർധിപ്പിച്ചുകൊണ്ടിരുന്നു. റയിൽവേ സ്റ്റേഷനിലെ അപരിചിതരും അയാളെ വിഷമിപ്പിച്ചു. കണ്ണൂരെത്തിയ വെള്ളായിയപ്പൻ ജയിലിനു മുന്നിൽ കാത്തുനിന്നു. ഒരു ഭക്തൻ അമ്പലം തുറക്കുന്നതും കാത്തുനിൽക്കുന്നതുപോലെ. ജയിലിനുള്ളിലെത്തി അയാൾ മകനെ കണ്ടു. അടുത്തദിവസം പ്രഭാതത്തിൽ തൂക്കുകയറിലവസാനിക്കാൻ പോകുന്ന മകൻ. അവൻ എന്തു തെറ്റാണ് ചെയ്തത് എന്ന് അവനറിയില്ല. കൊലപാതകം ചെയ്തോ എന്ന് ഓർമ്മയില്ല. പക്ഷേ ഇനിയൊന്നും ഓർക്കേണ്ടതില്ല.

മകന്റെ മൃതദേഹം ഏറ്റുവാങ്ങി സംസ്ക്കരിക്കാൻ അയാൾക്കു കഴിവില്ല. തോട്ടികൾ ഉന്തുവണ്ടിയിലാക്കിക്കൊണ്ടുപോയ ശവം സംസ്ക്കരിക്കുന്നതിനുമുമ്പ് ഒരുനോക്കു കാണാനും നെറ്റിയിൽ കൈവച്ച് അനുഗ്രഹിക്കാനും അയാൾക്കു കഴിഞ്ഞു. വെയിലിൽ അലഞ്ഞു നടന്ന് കടൽപ്പുറത്തെത്തിയ വെള്ളായിയപ്പൻ യാത്ര പുറപ്പെടുമ്പോൾ അയാളുടെ കോടച്ചി, കണ്ടുണ്ണിയുടെ അമ്മ കെട്ടിക്കൊടുത്ത വഴിച്ചോറ് പൊതിയഴിച്ച് കടൽപ്പുറത്ത്

വിതറി. ബലിക്കാക്കകൾ പറന്നുവന്ന് അന്നം കൊത്തി. അങ്ങനെ മകന് ബലിയൂട്ടി വെള്ളായിയപ്പൻ.

വധശിക്ഷയ്ക്കു വിധിക്കപ്പെട്ട കണ്ടുണ്ണിയുടെ പിതാവ് വെള്ളായിയപ്പനെ പിൻതുടരുന്ന രീതിയിലാണ് കഥയുടെ അവതരണം. ഇത് സവിശേഷമായ ഒരനുഭവതലം കഥയ്ക്കു നൽകുന്നുണ്ട്. വെള്ളായിയപ്പനെന്ന സാധുവായ, നിരക്ഷരനായ ഒരച്ഛന്റെ ദുഃഖം വായനക്കാരന്റെ ദുഃഖം കൂടിയാകുന്നു. വധശിക്ഷയുടെ അറിയിപ്പ് വായിക്കാൻ അയാൾക്കറിയില്ല. അതുകൊണ്ടുതന്നെ കൃത്യം നടക്കുന്നത് എപ്പോഴെന്നുപോലും അയാൾക്ക് നിശ്ചയമില്ല. പാറാവുകാരൻ വായിച്ചു പറഞ്ഞുകൊടുത്തു. സമയം നോക്കാൻ വാച്ചില്ലെങ്കിലും ഒരു കർഷകന്റെ ജന്മസിദ്ധിയിലൂടെ രാവിലെ അഞ്ചുമണി തിരിച്ചറിയാൻ അയാൾക്കു കഴിയുന്നു. വെള്ളായിയപ്പൻ എന്ന പിതാവിന്റെ മനോഗതങ്ങൾ തീവ്രങ്ങളാണ്. വഴിയിൽ പുഴ കടക്കുമ്പോൾ കുളിയുടെ അനുഭവം അയാളെ തളർത്തുന്നു. അപ്പന്റെ ശവത്തെ കുളിപ്പിച്ചതും മകനെ അവന്റെ കുട്ടിക്കാലത്ത് കുളത്തിൽ കുളിപ്പിച്ചതും ഓർമ്മിച്ചുപോകുന്നു. അതുപോലെതന്നെ തീവണ്ടിയാപ്പീസിലിരുന്ന് അകലെ താഴുന്ന സൂര്യനെ കാണുമ്പോഴും തന്റെ കൈവിരൽ പിടിച്ച് മുണ്ടകൻ പാടത്തിന്റെ വരമ്പത്തുകൂടി നടന്ന് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അത്ഭുതപ്പെട്ട മകനെയും അസ്തമയത്തിലൂടെ പാടത്തേക്ക് ഇറങ്ങി നടക്കുന്ന സ്വന്തം അച്ഛനെയും അയാൾ ഓർക്കുന്നുണ്ട്. അച്ഛനും മകനും. ഒരാൾ മരിച്ചുപോയി. മകൻ മരണത്തിലേക്കു പോകുന്നു. ഈ കഥാപാത്രം കേരളത്തിൽ ജീവിച്ചിരുന്ന ചിലരെ ഓർമ്മപ്പെടുത്തുന്നു.

കണ്ടുണ്ണി ചെയ്ത കുറ്റമെന്താണ്? കഥാകൃത്ത് അവിടെ മൗനം പാലിക്കുന്നു. ആ മൗനം ഒരുപാട് വ്യാഖ്യാനങ്ങൾക്ക് ഇടംനൽകുന്നു. കണ്ടുണ്ണി പാവപ്പെട്ടവരായ പാഴുതറ ഗ്രാമക്കാർക്ക് പ്രിയപ്പെട്ടവനാണ്. അവരെല്ലാവരും വെള്ളായിയപ്പന്റെ കൂടെ പുറപ്പെടാൻ ഒരുക്കമാണ്. പക്ഷേ തീവണ്ടിക്കൂലിക്ക് പണമില്ല. അവർക്കു വേണ്ടിയുള്ള ഏതെങ്കിലും പൊതുകാര്യമാകുമോ കണ്ടുണ്ണിയെ ജയിലിലാക്കിയത്.

ഈ ചെറുകഥയെ ആകർഷകമാക്കുന്നത് ഇത്തരം മൗനങ്ങൾ മാത്രമല്ല കാവ്യാത്മകമായ ആഖ്യാനശൈലി കൂടിയാണ്. "ആരുടെയൊക്കെയോ ദുഃഖസഞ്ചാരങ്ങളുടെ തഴമ്പായി ചവിട്ടടിപ്പാത നീണ്ടുപോകുന്നു." "പനമ്പട്ടകൾ സംസാരിക്കുന്നതുപോലെ. പനമ്പട്ടകളിൽ ഊട്ടുദൈവങ്ങളും കാരണവന്മാരും സംസാരിക്കുന്നതുപോലെ" എന്നിങ്ങനെ എത്രയോ വാക്യങ്ങൾ.

കൊച്ചു കൊച്ചു വാക്യങ്ങൾകൊണ്ടും ഇടയ്ക്കുള്ള മൗനങ്ങൾ കൊണ്ടും കനത്തുനിൽക്കുന്ന പലസന്ദർഭങ്ങളുണ്ട് ഈ കഥയിൽ. വെള്ളായിയപ്പനും കുട്ട്യസ്സൻ മാപ്പിളയും വഴിയിൽവച്ചു കണ്ടുമുട്ടുന്നതും വെള്ളായിയപ്പൻ ജയിൽമുറിക്കകത്തുവച്ച് മകനെ കാണുന്നതുമൊക്കെ ഉദാഹരണങ്ങൾ. ഇങ്ങനെ പ്രമേയപരമായും പാത്രാവിഷ്ക്കരണത്തിലും ആഖ്യാനശൈലിയിലും രചനാതന്ത്രത്തിലുമൊക്കെ മലയാള ചെറുകഥകളുടെ മുൻപന്തിയിൽത്തന്നെ കടൽത്തീരത്ത് എന്ന കഥ നിലയുറപ്പിക്കുന്നു.